## ജലസ്രോതസ്സുകളുടെ സംരക്ഷണം

172(873) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ശാസ്താംകോട്ട കായൽ ഉൾപ്പെടെയുള്ള കായലുകളുടെ വിസ്തൃതി ചുരുങ്ങുന്നത് തടയാൻ ഫലപ്രദമായ നടപടികളൊന്നും സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പുഴ മുതൽ പുഴ വരെ എന്ന ഭാരതപ്പുഴ സംരക്ഷണ പദ്ധതിയുടെയും മണിമല-മീനച്ചിൽ-മൂവാറ്റുപുഴ സംരക്ഷണ പദ്ധതിയുടെയും നിലവിലെ പുരോഗതി അറിയിക്കുമോ;

(ഡി) 2008 ആഗസ്റ്റിനുമുമ്പ് അനധികൃതമായി നടത്തിയ തണ്ണീർത്തട നികത്തലുകൾ നിയമാനുസൃതമാക്കിയ സർക്കാർ നടപടി ജലസ്രോതസ്സുകളുടെ സംരക്ഷണത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) തണ്ണീർത്തടങ്ങളും ജലാശയങ്ങളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നിർവ്വഹിച്ചുവരുന്നത്. ഓരോ നദീതടത്തിലും വരുന്ന ജലസ്രോതസ്സുകളായ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് മഴവെള്ളം സംഭരിച്ച് ഉപരിതല ജലസേചനത്തിനും ഭൂഗർഭ ജലവർദ്ധനവിനും ഉപയോഗപ്പെടുത്തുന്നതിനുള്ള സംരക്ഷണ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംസ്ഥാന/നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന തണ്ണീർത്തടങ്ങളുടെ (കായൽ/ തടാകങ്ങൾ) സംരക്ഷണം ലക്ഷ്യമിട്ട് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (CWRDM)' മാനേജ്മെന്റ് ആക്ഷൻ പ്ലാൻ പ്രകാരം വിവിധ വകുപ്പുകളാണ് വ്യത്യസ്തമായ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്. ഇതിൻ പ്രകാരം ജലസേചന വകുപ്പും പ്രവർത്തികൾ നിർവ്വഹിക്കുന്നു. കൂടാതെ, കുട്ടനാട് പാക്കേജിന്റെ ഭാഗമായ കുട്ടനാട് പ്രദേശത്തെ

തണ്ണീർത്തട സംരക്ഷണ പ്രവർത്തിയും നടപ്പിലാക്കിവരുന്നു. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കുളം സംരക്ഷണം, ചെറുകിട തടയണകൾ, ജലനിധി കിണറുകളിൽ point recharge, roof water harvesting, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub-surface dyke എന്നീ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ കടിവെള്ള സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു.

(ബി) കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ റവന്യൂ അധികൃതരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വിവരം അറിയിക്കാറുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ അധികൃതരാണ് സ്വീകരിക്കുന്നത്. കായലുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളുമായി ബന്ധപ്പെടുത്തി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെയാണ് നിലവിൽ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) 'പുഴ മുതൽ പുഴ വരെ' എന്ന പദ്ധതി നടപ്പിലാക്കുന്നത് റവന്യൂ വകുപ്പിൻകീഴിലെ സംസ്ഥാന ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിലാണ്. ഭാരതപ്പുഴയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള (3 കി.മീ.) സ്ഥലത്തും പത്തനംതിട്ട ജില്ലയിൽ തൃപ്പാറ ക്ഷേത്രത്തിനടുത്ത് താന്നിയിലും (9 ഏക്കർ) അച്ചൻകോവിലാറിന്റെ ഇരുകരകൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. മണിമല-മീനച്ചിൽ-മൂവാറ്റുപുഴ സംരക്ഷണ പദ്ധതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2008 ആഗസ്റ്റിനുമുമ്പ് അനധികൃതമായി നടത്തിയ തണ്ണീർത്തട നികത്തലുകൾ തണ്ണീർത്തടങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയും അവയുടെ ജലസംഭരണ ശേഷിയും നശിപ്പിക്കുന്നതിന് ഇടയാക്കും. ഇത് ഉപരിതല-ഭൂഗർഭ ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും അതുവഴി ജലലഭ്യത കുറയ്ക്കുകയും ചെയ്യും. ഇതിന്റെ ഫലമായി സമീപ പ്രദേശങ്ങളിലെ കുളങ്ങൾ, കിണറുകൾ എന്നിവയിലെ ജലലഭ്യത കുറയുന്നതുകൂടാതെ നദികളിലെ നീരൊഴുക്കിലും കുറവ് സംഭവിക്കാനിടയാക്കും.

**ജലസേചന സംരക്ഷണ പ്രവൃത്തികൾ**

173(874) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച ജലസേചന-സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly